"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പുരയിടത്തിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാംനില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ സമർപ്പിച്ച അപേക്ഷയിൽ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 104 പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.643/2025/ID തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:-
1. 08.05.2025 തീയതിയിൽ ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാംനില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ സമർപ്പിച്ച അപേക്ഷ.
2. തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 08.05.2025 തീയതിയിലെ ആർഡിഒറ്റിവിഎം/1990/2025-ഡി/കെ.ഡിസ് നമ്പർ നിരാക്ഷേപ പത്രം.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 23.05.2025 തീയതിയിലെ ഡിഎംജി/1325/2025-എം3 നമ്പർ കത്ത്.

**ഉത്തരവ്**

കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പുരയിടത്തിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാം നില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ-680001 പരാമർശം (1) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് മുമ്പാകെ സമർപ്പിച്ച അപേക്ഷ 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം അനുമതി നൽകുന്നതിനായി ശുപാർശ ചെയ്ത് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ഇതു സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാം നില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ-680001 എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20 ൽ റീസർവ്വേ നമ്പർ. 128/2-1, 128/3 128/4-2, 128/18-1, 128/20 ൽപ്പെട്ട 0.9849 ഹെക്ടർ വസ്തുവിൽ നിന്നും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കം ചെയ്യുന്നതിന് അനുവാദം ലഭിക്കുന്നതിനായി 08.05.2025 തീയതിയിൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും അപേക്ഷയിന്മേൽ തിരുവനന്തപുരം സീനിയർ

ജിയോളജിസ്റ്റ് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ സ്ഥാപനം അപേക്ഷയോടൊപ്പം ബിൽഡിങ് പെർമിറ്റും കെട്ടിട നിർമ്മാണത്തിനുള്ള പാരിസ്ഥിതികാനുമതിയും ഹാജരാക്കിയത് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ Built up area 30551.38 $m^2$ ആയതിനാൽ ചട്ടം 14(2) പ്രകാരം അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല എന്നും ക്വാറിയിംഗ് പെർമിറ്റ് വ്യവസ്ഥയിൽ അപേക്ഷ സമർപ്പിക്കുവാനും അപേക്ഷകന് ജില്ലാ ജിയോളജിസ്റ്റ് നിർദ്ദേശം നൽകുകയും തുടർന്ന് അപേക്ഷകൻ ക്വാറിയിങ് പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അപേക്ഷ സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്തു അപേക്ഷ സ്ഥലത്തു തന്നെ മറ്റൊരു ഭാഗത്ത് കൂട്ടിയിട്ട ശേഷം കെട്ടിടനിർമ്മാണം ആരംഭിച്ചതായും ഒരു നില പൂർത്തിയാക്കിയതായും കണ്ടെത്തിയ സാഹചര്യത്തിൽ ക്വാറിയിംഗ് പെർമിറ്റ് വ്യവസ്ഥയിലും അപേക്ഷ പരിഗണിക്കുവാൻ സാധിക്കാത്തതിനാലാണ് 104 പ്രകാരം അപേക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് നിന്നും 9834.72 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്ത് ഗതാഗതം ചെയ്യാനുള്ളതായും ആയത് നീക്കം ചെയ്യാൻ അനുമതി നൽകാവുന്നതാണെന്നും ജില്ലാ ജിയോളജിസ്റ്റ് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ അനുബന്ധ രേഖകളോടൊപ്പം 8-5-2025 തീയതിയിലെ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ സാക്ഷ്യപത്രവും, തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷനിൽ നിന്നും അനുവദിച്ച ബിൽഡിംഗ് പെർമിറ്റും ഉള്ളടക്കം ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 20ൽ റീസർവ്വേ നമ്പർ. 128/2-1 (0.0245 ഹെക്ടർ), 128/3(0.0537 ഹെക്ടർ), 128/4-2 (0.0486 ഹെക്ടർ), 128/18-1(0.0075 ഹെക്ടർ) ൽ പെട്ട സ്ഥലത്ത് നിന്നും 9834.72 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം നീക്കം ചെയ്യുന്നതിന് നിബന്ധനകളോടെ അനുമതി നൽകാവുന്നതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷ സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ വീടുകൾ ഒന്നും തന്നെയില്ലെന്നും, അപേക്ഷ ഭൂമി പ്രത്യേക ആവശ്യങ്ങൾക്ക് നൽകിയിട്ടില്ലാത്തതും, നിക്ഷിപ്ത വനഭൂമി അന്യാധീനപ്പെട്ട ആദിവാസി ഭൂമി, സർക്കാർ പുറമ്പോക്ക്, EFL എന്നിവയിൽ ഉൾപ്പെട്ടില്ലായെന്നും, ടി ഭൂമി സംബന്ധിച്ച് അതിർത്തി തർക്കങ്ങളോ, കോടതി വ്യവഹാരങ്ങളോ, RR, ജപ്തി നടപടികളോ ഇല്ലെന്നും, അപേക്ഷ ഭൂമിയിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നത് കൊണ്ട് പരിസ്ഥിതിക്കോ, പൊതുജനത്തിനോ മറ്റ് പ്രശ്നങ്ങൾ ഉണ്ടാകാൻ നിലവിൽ സാധ്യതയില്ലായെന്നും, BTR പകർപ്പ്, ഡിമാർക്കേഷൻ സ്കെച്ച്, ലൊക്കേഷൻ സ്കെച്ച് എന്നിവ സഹിതം തിരുവനന്തപുരം തഹസിൽദാർ റിപ്പോർട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനായി തിരുവനന്തപുരം സബ്കളക്ടർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.

4. കെട്ടിടത്തിന്റെ Built up area 30551.38 $m^2$ ആയതിനാൽ ചട്ടം 14(2) പ്രകാരം അപേക്ഷ പരിഗണിക്കുവാൻ കഴിയില്ലായെന്നും, സ്ഥലപരിശോധനയിൽ അപേക്ഷ സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്തു അപേക്ഷ സ്ഥലത്തു തന്നെ മറ്റൊരു ഭാഗത്ത് കൂട്ടിയിട്ട ശേഷം കെട്ടിടനിർമ്മാണം ആരംഭിച്ചതായും ഒരു നില പൂർത്തിയാക്കിയതായും കണ്ടെത്തിയ സാഹചര്യത്തിൽ ക്വാറിയിംഗ് പെർമിറ്റ് വ്യവസ്ഥയിലും മണ്ണ് നീക്കുന്നതിനായുള്ള അപേക്ഷ പരിഗണിക്കുവാൻ സാധിക്കില്ലായെന്നും ആയതിനാലാണ് 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ശുപാർശ ചെയ്ത് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ അപേക്ഷ

സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നത്. സ്ഥലപരിശോധനയിൽ അനുമതി ലഭിക്കുന്നതിനുമുമ്പ് തന്നെ അപേക്ഷ സ്ഥലത്തു നിന്നും മണ്ണ് നീക്കം ചെയ്ത് അപേക്ഷാ സ്ഥലത്തു തന്നെ മറ്റൊരുഭാഗത്ത് കൂട്ടിയിട്ട ശേഷം കെട്ടിട നിർമ്മാണം ആരംഭിച്ചതായും, ഒരു നില പൂർത്തിയാക്കിയതായും, എന്നാൽ മണ്ണ് അപേക്ഷാ സ്ഥലത്തിന് പുറത്തേയ്ക്ക് കടത്തിയിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ മേൽ നടപടി ആവശ്യമില്ലായെന്ന് തിരുവനന്തപുരം ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയിൽ ടി സ്ഥലത്തു നിന്നും 9834.72 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്ത് ഗതാഗതം ചെയ്യേണ്ടതുണ്ടെന്നും തിരുവനന്തപുരം ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഈ സാഹചര്യത്തിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ചെറുവയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 20 ൽ റീസർവ്വേ നമ്പർ. 128/2-1, 128/3 128/4-2, 128/18-1, 128/20 ൽപ്പെട്ട 0.9849 ഹെക്ടർ വസ്തുവിൽ നിന്നും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് 9834.72 ക്യൂബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 104 പ്രകാരം ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാം നില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ-680001 എന്ന സ്ഥാപനത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ടി പ്രവൃത്തി നിമിത്തം സമീപവാസികൾക്ക് ബുദ്ധിമുട്ടോ സമീപവസ്തുക്കൾക്ക് നാശനഷ്ടമോ ഉണ്ടാകാൻ പാടില്ല.
2. പരിസ്ഥിതിക്ക് കോട്ടം വരാതെയും റോഡ് ഗതാഗതം തടസ്സപ്പെടാതെയും ധാതു നീക്കം ചെയ്യേണ്ടതാണ്.
3. റവന്യൂ ഡിവിഷണൽ ഓഫീസർ അനുവദിച്ച NOC യിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. റീസർവ്വേ നമ്പർ. 128/2-1 (0.0245 ഹെക്ടർ), 128/3(0.0537 ഹെക്ടർ), 128/4-2 (0.0486 ഹെക്ടർ), 128/18-1(0.0075 ഹെക്ടർ) വസ്തുവിൽ നിന്നും 9834.72 ക്യൂബിക് മീറ്റർ മണ്ണ് മാത്രമേ നീക്കം ചെയ്യുവാൻ പാടുള്ളൂ. അനുവദിച്ച അളവിൽ കൂടുതലായോ അനുവദിച്ച സ്ഥലത്തിന്റെ പുറത്ത് നിന്നോ ധാതു നീക്കം ചെയ്യാൻ പാടുള്ളതല്ല. ആയത് ലംഘിക്കുന്ന പക്ഷം ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.
5. ജില്ല മിനറൽ സ്ക്വാഡ് കൃത്യമായി പരിശോധന നടത്തി അനധികൃത പ്രവർത്തനം നടത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. അനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനം ശ്രദ്ധയിൽ പെടുന്ന പക്ഷം അനുമതി നിരുപാധികം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
അണ്ടർ സെക്രട്ടറി

ശോഭ ഡെവലപ്പേഴ്സ് പൂനെ ലിമിറ്റഡ്, മൂന്നാംനില, വാഴപ്പിള്ളി ടവർ, ശക്തൻ നഗർ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തൃശ്ശൂർ.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 02-06-2025 12:54:38

സെക്ഷൻ ഓഫീസർ